**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2795** **28-02-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലയിൽ വനവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ മേഖലയിൽ വനവത്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | തീരദേശ മേഖലയുടെ സംരക്ഷണത്തിനായി സംസ്ഥാനത്തിന്റെ വിവിധ തീരപ്രദേശങ്ങളിൽ കാറ്റാടിത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഏതെങ്കിലും തീരദേശ മേഖലയിൽ വനവത്കരണം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | 2021-22 -ൽ ചേർത്തല അർത്തുങ്കൽ പ്രദേശത്ത് 7 ഹെക്ടർ സ്ഥലത്തായി 70,000 കാറ്റാടിത്തൈകളും ചെത്തി മുതൽ മാരാരിക്കുളം വരെ 2.80 ഹെക്ടർ സ്ഥലത്തായി 28,000 കാറ്റാടിത്തൈകളും, 2022-23 -ൽ അമ്പലപ്പുഴ മുതൽ പുന്നപ്ര വരെ 4 ഹെക്ടർ സ്ഥലത്തായി 40,000 കാറ്റാടിത്തൈകളും നട്ടുപിടിപ്പിച്ചിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിൽ ചേറായി വളപ്പ്, ചാപ്പാ ബീച്ച്, മാലിപ്പുറം; തൃശ്ശൂർ ജില്ലയിൽ കരിമ്പ്രം, പാലപ്പെട്ടി, അകലാട്, കാട്ടിലപ്പിള്ളി എന്നിവിടങ്ങളിലെ തീരപ്രദേശങ്ങളിൽ കാറ്റാടിത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. പുന്നയൂർ മുതൽ അകലാട് വരെയുള്ള തീരപ്രദേശത്ത് 2000 വൃക്ഷത്തൈകളും, ചാവക്കാട് തീരപ്രദേശത്ത് 1100 വൃക്ഷത്തൈകളും 2022-23 വർഷത്തിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിലെ കടൽത്തീര സംരക്ഷണത്തിനായി തയ്യാറാക്കി വരുന്ന കാറ്റാടിത്തൈകൾ 2023-24 വർഷത്തിൽ നട്ടുപിടിപ്പിക്കുന്നതാണ്.<br><br>മലപ്പുറം ജില്ലയിലെ പൊന്നാനി തീരപ്രദേശത്തും കോഴിക്കോട് ജില്ലയിലെ പാലൂർ വെസ്റ്റ്, മന്ദമംഗലം, കണ്ണൻ കടവ്, കല്ലകത്തു,തിരുക്കോട്ടൂർ വെസ്റ്റ്, അഴിയൂർ, പൂഴിത്തോട്, ചോമ്പാല, മുക്കാലി, കപ്പഴക്കൽ, ആവിക്കര, കേളൂർ ബീച്ച്, മാടക്കര, മടപ്പള്ളി, പള്ളിപറമ്പത്ത്, കരുവച്ചൽ, ഗോതീശ്വരം തീരം എന്നിവിടങ്ങളിൽ കാറ്റാടിത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കണ്ണൂർ ജില്ലയിലെ ധർമ്മടം, മുഴപ്പിലങ്ങാട്, ചൂട്ടാട്, മാട്ടൂൽ, അഴിക്കൽ, ചാൽ ബീച്ച് തുടങ്ങിയ തീരപ്രദേശങ്ങളിലും കാറ്റാടിത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിൽ പള്ളിക്കര വലിയപ്പറമ്പ്, മഞ്ചേശ്വരം നെല്ലിക്കുന്ന്, ചേറ്റുകുണ്ട് ഭാഗങ്ങളിലെ തീരപ്രദേശങ്ങളിലും സി.പി.സി.ആർ.ഐ യുടെ അധീനതയിലുള്ള ഭൂമിയിലും കാറ്റാടിത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. |
| (സി) | തീരദേശ മേഖലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് വനവൽക്കരണം നടത്തേണ്ടതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (സി) | തീരപ്രദേശങ്ങളിൽ സാധ്യമായ സ്ഥലങ്ങളിൽ വനവത്കരണം നടത്തിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് വനവത്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ